©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
ചൊവ്വ
Thiruvananthapuram,
Tuesday

2025 നവംബർ 04
04th November 2025
1201 തുലാം 18
18th Thulam 1201
1947 കാർത്തികം 13
13th Karthika 1947

നമ്പർ
No. 3905

1961 ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6-)0 വകുപ്പ് പ്രകാരമുള്ള പരസ്യം

A3-410/2021 (DCEKM/679/2021-C3) *2025 നവംബർ 04*

എറണാകുളം ജില്ലയിലെ കണയന്നൂർ, പറവൂർ എന്നീ താലൂക്കുകളുടെ പരിധിയിൽപ്പെട്ട ചേരാനെല്ലൂർ ഏലൂർ ചൗക്ക പാലത്തിന്റെ അപ്രോച്ച് റോഡ് വികസനത്തിനായി താഴെപ്പറയുന്ന വില്ലേജിലെ താഴെപ്പറയുന്ന സർവ്വേ നമ്പറിൽപ്പെട്ട ഭൂമിയുടെ സർവ്വേ നടത്താൻ സർക്കാർ നിർദേശിച്ചിരിക്കുകയാൽ താഴെപ്പറയുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വില്ലേജിലെ സർവ്വേ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതാണെന്നും താഴെപ്പറയുന്ന വില്ലേജിലെ താഴെപ്പറയുന്ന സർവ്വേ നമ്പറിൽപ്പെട്ട ഭൂമി അതിർത്തി തിരിച്ച് സർവ്വേ ചെയ്യുന്നതാണെന്നും 1961 ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6-)0 വകുപ്പ് 1-)0 ഉപവകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെപ്പറയുന്ന ഭൂമിയുടെ ഉള്ളിലോ അവയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമിയിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ എജെന്റ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാക്കുന്നതിനും അതിരുകൾ കാണിച്ച് കൊടുക്കുന്നതിനും അതിനോട് ബന്ധപ്പെട്ട രേഖകൾ നൽകുന്നതിനും വേണ്ടി അതാത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാക്കുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു. പ്രസ്തുത ആക്ടിലെ 6(2) പ്രകാരം ഈ പരസ്യം താഴെപ്പറയുന്ന ഭൂമിയിൽ അവകാശ ബന്ധമുള്ള ഏതൊരു ആൾക്കുമുള്ള സാധുവായ നോട്ടീസ് ആയി കണക്കാക്കേണ്ടതാണ്. പ്രസ്തുത ആക്ടിലെ 6(3) പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാർക്കും

A) സർവ്വേ ചെയ്യുന്നതിനുവേണ്ടി നിർമാർജനം ചെയ്യേണ്ട ആവശ്യമുണ്ടായെക്കാവുന്ന മരങ്ങളോ, കുറ്റിക്കാടുകളോ, വേലികളോ, നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റ് തടസ്സങ്ങളോ 15 ദിവസങ്ങൾക്കകം നീക്കം ചെയ്യുകയോ മുറിച്ച് കളയുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണം എന്നും

B) കൊടി പിടിക്കുന്നവരെയും ചെയിന്മാന്മാരെയും നിയോഗിച്ച അതാത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും

C) അനുയോജ്യമായ സർവ്വേ അടയാളങ്ങൾ നൽകണമെന്നും മറ്റ് പ്രകാരത്തിൽ പ്രസ്തുത ആക്ടോ അത് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വെയർക്ക് ലഭ്യമാക്കണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

മേൽപ്പറഞ്ഞ (എ) മുതൽ(സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ, പ്രസ്തുത ജോലി കൂലിപ്പണിക്കാരെകൊണ്ട് ചെയ്യിക്കുന്നതും, ആയതിന്റെ ചെലവ് ആക്ടിലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അത് പ്രകാരം ഉണ്ടായിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതിൻ പ്രകാരം വീഴ്ച വരുത്തുന്നവരിൽ നിന്നും വസൂലാക്കുന്നതാണ്.

ഭൂമിയുടെ വിശദവിവരങ്ങൾ

ജില്ല : *എറണാകുളം* താലൂക്ക് : *കണയന്നൂർ & പറവൂർ*

ക്രമ നമ്പർ	*താലൂക്ക്*	*വില്ലേജ്*	*ടൗൺ ബ്ലോക്ക്*	*സർവ്വേ നമ്പർ*
1	കണയന്നൂർ	ചേരാനെല്ലൂർ	04	29, 628.
2	പറവൂർ	ഏലൂർ	55	43, 44, 45, 51, 52, 53, 54, 55, 56, 57, 58.
3	പറവൂർ	ഏലൂർ	56	46, 47, 48, 49, 51, 52, 62, 64.

(ഒപ്പ്)

സ്പെഷ്യൽ തഹസിൽദാർ (എൽ.എ)

PWD യൂണിറ്റ് 01, എറണാകുളം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.04 02:19:56 +05:30